**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 528** **23-07-2021 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി, ക്ലാപ്പന, ആലപ്പാട്, ഓച്ചിറ എന്നിവിടങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കാൻ പോകുന്നത് എന്നു വിശദമാക്കാമോ? | (എ) | ഓച്ചിറ ജലശുദ്ധീകരണശാലയുടെ (15 MLD) പൂർണ്ണ ശുദ്ധീകരണശേഷി ഉപയോഗിച്ചാൽ മാത്രമേ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ ആലപ്പാട് , ക്ലാപ്പന, ഓച്ചിറ എന്നിവിടങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയൂ. ഇതിലേയ്ക്കായി 300 HP ശേഷിയുള്ള രണ്ട് പമ്പ് സെറ്റുകൾ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുലശേഖരപുരം, തൊടിയൂർ, തഴവ എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തി കുന്നത്തൂർ-കരുനാഗപ്പള്ളി സംയോജിത കുടിവെള്ള പദ്ധതിക്കായി 297.27/- കോടി രൂപ അടങ്കൽ തുക വരുന്ന പ്രോജക്ട് റിപ്പോർട്ട് ജലജീവൻ മിഷനിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ